"സംഘർഷത്തിന്റെ വേരുകളിലേക്ക് മടങ്ങാതെ വയ്യ" - ആദിവാസി ഗോത്രമഹാസഭ അദ്ധ്യക്ഷ സി.കെ. ജാനു ഡർബനിൽ ചെയ്ത പ്രസംഗം *(കഴിഞ്ഞ ലക്കം തുടർച്ച)* മൊഴിമാറ്റം : സി.സി. സെബാസ്റ്റ്യൻ

# മുത്തങ്ങ വന്യജീവി സംരക്ഷിതസങ്കേതത്തിൽ സ്വയം ഭരണത്തിനുവേണ്ടിയുള്ള സമരം

കേരള സംസ്ഥാനം രൂപമെടുക്കുന്നതിനും എത്രയോ മുന്നേ ആദിമ സമൂഹങ്ങളിവിടെയുണ്ട്. തങ്ങളുടെ കാര്യനിർവ്വഹണം നടത്തുന്നതിനുള്ള അവകാശം, കാട്ടുല്പന്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള അവകാശം, തർക്കങ്ങൾക്ക് തീർപ്പുകല്പിക്കുന്നതിനുള്ള അവകാശം എന്നിവയൊക്കെ ഇന്ത്യയിലെ ആദിമസമൂഹങ്ങൾക്ക് എക്കാലവുമുണ്ടായിരുന്നു. പഴയകാലത്ത് രാജാക്കന്മാർ ആദിവാസി സമൂഹങ്ങളിൽ ഇടപെടാൻ ധൈര്യപ്പെട്ടില്ല. ബ്രിട്ടീഷ് മേൽക്കോയ്മയ്ക്കും അവരെ പൂർണ്ണമായി കീഴടക്കാനായില്ല. എങ്കിലും അധിനിവേശ ഭരണകർത്താക്കൾ പ്രകൃതിവനങ്ങളെ 'സംരക്ഷിതവന' ങ്ങളാക്കി മാറ്റാൻ തുടങ്ങിയപ്പോൾ ഈ അവകാശങ്ങളിൽ കനത്ത ചോർച്ചവന്നു. ഇന്ത്യൻ ഭരണഘടനയുടെ 244-ാം വകുപ്പുപ്രകാരം ആദിവാസികളുടെ ഗ്രാമങ്ങളെ സ്വയംഭരണ സ്ഥാപനങ്ങൾ ഭരിക്കുന്ന അഞ്ചാം പട്ടികയിലെ പ്രദേശങ്ങളായി കണക്കാക്കുന്നുണ്ടെങ്കിലും, സ്വതന്ത്രഭാരതത്തിലെ കർണ്ണാടകവും കേരളവുമടങ്ങുന്ന നിരവധി സംസ്ഥാനങ്ങൾ ഇത് പാലിച്ചില്ല. അതുകൊണ്ട് സ്വയം ഭരണം ഇന്നും കാത്തിരിക്കുന്ന ലക്ഷ്യവും അവകാശവുമായി അവശേഷിക്കുകയാണ്. തൊണ്ണൂറുകളിൽ നാഗർഹോളിലെന്നപോലെ കഴിഞ്ഞവർഷം വയനാട്ടിലെ മുത്തങ്ങയിലെ വന്യജീവി സങ്കേതത്തിലുണ്ടായ സമരവും സ്വയം ഭരണമെന്ന ലക്ഷ്യത്താൽ പ്രചോദിതമായതാണ്.

ഔദ്യോഗികമായി മുത്തങ്ങ കാടുകൾ നീലഗിരി സംരക്ഷിത ജൈവമണ്ഡലത്തിന്റെ ഭാഗമാണ്. ഇത് ആനകൾക്ക് സംരക്ഷിത കേന്ദ്രമായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. രണ്ടു ദശാബ്ധങ്ങൾക്കു മുമ്പുവരെ മുത്തങ്ങ ജൈവ വൈവിധ്യത്താൽ സമ്പന്നമായ വനപ്രദേശമായിരുന്നു. മൂവായിരത്തിലധികം വൈവിധ്യമാർന്ന ജനുസ്സുകൾ സംരക്ഷിത മേഖലയാക്കുന്നതിന് ഈ പ്രദേശത്തെ യോഗ്യമാക്കി.

**ആദിവാസികളുടെ വനഭൂമിയിന്മേലുള്ള അവകാശവും പ്രകൃതിയുടെ സംരക്ഷണത്തിൽ അവർ കേവലം തുല്യ പങ്കാളികളെന്നതിനേക്കാൾ മുഖ്യകാർമ്മികരാണെന്ന നിലപാടും വ്യക്തമായി അംഗീകരിക്കുക എന്നതാണ് അഞ്ചാം ലോക ഉദ്യാന സംഗമത്തിന്റെ വെല്ലുവിളി.**

എന്നാൽ ജൈവമണ്ഡലത്തിന്റെ പ്രാധാന്യത്തെ അവഗണിച്ചുകൊണ്ട് മുത്തങ്ങ പ്രദേശത്തെ 77 ചതുരശ്രകിലോമീറ്റർ കാട് ഇന്ത്യയിലെ ഒരു ബഹുരാഷ്ട്രക്കുത്തകയായ 'ബിർള'യുടെ ഒറ്റയൊരു പൾപ്പുവ്യവസായശാലയ്ക്ക് അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാനുള്ള വ്യാപാരാടിസ്ഥാനത്തിനുള്ള തോട്ടമുണ്ടാക്കാനായി തുറന്നുകൊടുത്തു. അധികം വൈകാതെ ഈ വനപ്രദേശത്തിന്റെ നാല്പതു ശതമാനം ഭാഗത്തും സ്വാഭാവിക വനങ്ങൾ അപ്രത്യക്ഷമാകും. 3500-ലധികം ഹെക്ടർ വനഭൂമി പൂർണ്ണമായി തരിശുഭൂമിയായി. 'മാമനഹള്ള' എന്ന് പ്രാദേശികമായി വിളിക്കപ്പെടുന്ന, കേരളത്തിൽ മുത്തങ്ങ പ്രദേശത്തുനിന്നാരംഭിക്കുന്ന തമിഴ്നാട്ടിലെ 'മുതുമലൈ' സംരക്ഷിത മേഖലയും തമ്മിൽ വേർതിരിക്കുന്ന അരുവി യൂക്കാലിപ്റ്റസ് തോട്ടങ്ങൾ വെച്ചുഘടിപ്പിച്ചതിന്റെ ഫലമായി പൂർണ്ണമായി വരണ്ടുണങ്ങി. ഈ പുഴയിപ്പോൾ വെളുത്ത ഒരു മണലോരം മാത്രമാണ്. വരണ്ടുണങ്ങിയ പുഴത്തട്ടിൽ ആനകൾ വെള്ളം തേടി മണലിൽ കുഴിച്ചപാടുകൾ അവിടെ കാണാം.

ആനകൾ വെള്ളത്തിനുവേണ്ടി പിടഞ്ഞുകൊണ്ട് മുത്തങ്ങ നിരകളിൽനിന്നും അതിന്റെ കിഴക്കുഭാഗത്ത് ഒഴുകുന്ന നൂൽപുഴയിലേക്ക് മുറിച്ചുകടക്കുന്നതുകൊണ്ടാണ് ഈ വന്യമൃഗസങ്കേതത്തെ ആനകളുടെ സങ്കേതവും ഇടനാഴിയുമൊക്കെയായി ഇപ്പോൾ വിശേഷിപ്പിക്കുന്നത്. വയനാട്ടിലെ വന്യജീവിസങ്കേതത്തിലെ ആനകളുടെ ഗതി കേരളത്തിലെവിടേയുമെന്നപോലെ മുത്തങ്ങയിലെയും ആദിവാസികളുടെ തകർന്ന ജീവിതഗാഥയുടെ മറുവശമാണ് കാണിച്ചുതരുന്നത്.

നിരന്തരമായ പട്ടിണിമരണങ്ങളെ തുടർന്ന് കേരളത്തിലെ ആദിവാസികൾ 2001 ആഗസ്റ്റുമാസത്തിൽ സംസ്ഥാനമുഖ്യമന്ത്രിയുടെ വസതിക്കുമുന്നിൽ 'അഭയാർത്ഥി ക്യാമ്പു'കൾ സ്ഥാപിച്ചു കൊണ്ട് സമരമാരംഭിച്ചു. 48 ദിവസം നീണ്ടുനിന്ന സമരം, സംസ്ഥാനത്തെ ആദിവാസികൾക്ക് ഭൂമിയും മറ്റുപുനരധിവാസ നടപടികളും വിതരണം ചെയ്യുമെന്ന് സംസ്ഥാനസർക്കാരിനെക്കൊണ്ട് സമ്മതിപ്പിച്ചു. പക്ഷെ, ഒരു വർഷം കഴിഞ്ഞിട്ടും സർക്കാർ വാക്കുപാലിക്കാതെ വന്നപ്പോൾ, ഞങ്ങൾ വീണ്ടും സമരമാർഗ്ഗം, തേടാൻ നിർബന്ധിതരായി. അങ്ങിനെ, നാഗർഹോളിലെന്ന പോലെ കേരളത്തിലെ ആദിവാസികൾ അവരുടെ ജന്മഭൂമിയായ വനങ്ങളിലേക്ക് പ്രവേശിക്കാൻ തന്നെ തീരുമാനിച്ചു. ആദിവാസി ഗോത്രമഹാസഭയുടെ കൊടിക്കീഴിലായിരുന്നു ഇത് നടന്നത്. പണിയർ, വേട്ടകുറുമർ, അടിയർ, മുള്ളുകുറുമർ തുടങ്ങിയ വയനാട്ടിലെ വിവിധ ആദിവാസി സമൂഹങ്ങൾക്ക് ജന്മഭൂമിയായിരുന്ന മുത്തങ്ങ കാടുകളിൽ ഞങ്ങൾ കുടിലുകൾകെട്ടി. ഞങ്ങളുടെ പുണ്യസ്ഥലങ്ങളും ശ്മശാനങ്ങളും മുത്തങ്ങയിൽ ഇപ്പോഴുമുണ്ട്. ആദ്യം ഈ പ്രദേശത്തെ വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുമ്പോഴും പിന്നീട് യൂക്കാലിപ്റ്റസ് തോട്ടങ്ങൾ സ്ഥാപിക്കുമ്പോഴും, എഴുപതുകളിലും എൺപതുകളിലും നിരവധി ആദിവാസി

കുടുംബങ്ങളെ ഇവിടെ നിന്ന് ബലാല്ക്കാരമായി പുറത്താക്കിയിട്ടുണ്ട്. ഇങ്ങനെ പുറത്താക്കപ്പെട്ടവർ, പരക്കെ പട്ടിണിമരണം പടർന്നു പല ഗിരിവർഗ്ഗ 'കോളനികളി'ലായി നികൃഷ്ടജീവിതം നയിക്കാൻ നിർബന്ധിതരായി.

വനഭൂമിയിൽ പ്രവേശിച്ച ആദിവാസി കുടുംബങ്ങൾ മുത്തങ്ങ കാടുകളിൽ അവക്കുണ്ടായിരുന്ന പാരമ്പര്യമായ അവകാശങ്ങൾ ഉറപ്പിക്കാൻ മാത്രമെ ഉദ്ദേശിച്ചിരുന്നുള്ളൂ. തരിശുഭൂമിയിൽ കുടിൽകെട്ടി ആദിവാസി 'ഊരുകൂട്ട' ങ്ങളെ അവർ പുനഃസംഘടിപ്പിച്ചു. ജീവനോപായത്തിനുള്ള കൃഷിയോടൊപ്പം ഞങ്ങൾ ഗോത്ര പൂജയും തുടങ്ങി. 1996-ലെ പഞ്ചായത്തു നിയമങ്ങളുടെ അന്തഃസത്തയുൾക്കൊണ്ട് സ്വയംഭരണ ത്തിനുള്ള ചുരുങ്ങിയ നടപടിക്രമങ്ങൾ ഞങ്ങൾ പാകപ്പെടുത്തി. പരിസ്ഥിതിയിൽ പ്രധാനമായും ജലസ്രോതസ്സുകളെയും സസ്യജാലകങ്ങളെയും പുനരുജ്ജീവിപ്പിക്കുക എന്നതായിരുന്നു ഇതിന്റെ മുഖ്യലക്ഷ്യം. സമൂഹത്തിന്റെ നിർവഹണ ശേഷിയും നാട്ടറിവിന്റെ പ്രയോഗവും കൊണ്ട് ഇത് കൈവരിക്കാൻ പുനഃസംഘടിപ്പിക്കപ്പെട്ട മുത്തങ്ങയിലെ ആദിവാസി ഊരുകൂട്ടങ്ങൾ ദൃഢനിശ്ചയമെടുത്തു. ഈ ലക്ഷ്യം കൈവരിക്കാൻ ദാതൃസമിതികളുടെ വലിയ ധനസഹായത്തിന്റെയൊന്നും ആവശ്യമില്ലെന്ന് ഞങ്ങൾക്ക് ബോധ്യമായിരുന്നു.

മുത്തങ്ങയിലെ സമരത്തിന്റെ ഒരു ഘട്ടത്തിലും സർക്കാർ അധികൃതർ സമരം ചെയ്യുന്നവരുമായി സംഭാഷണമൊന്നും നടത്തിയില്ല. കുടിയൊഴിപ്പിക്കാനുള്ള നടപടിക്രമമനുസരിച്ച് നോട്ടീസും അധികൃതർ പുറപ്പെടുവിച്ചില്ല. പോലീസോ ജില്ലാ കലക്ടറോ ഞങ്ങളിൽ നിന്ന് വിവരമൊന്നും തേടിയതുമില്ല. എന്നാൽ ആദിവാസിഗോത്രമഹാസഭ മുത്തങ്ങയിൽ അധിനിവേശം നടത്തിയതുമുതൽ വനം വകുപ്പ് ആദിവാസികളെ തുരത്താനായി ഒളിഞ്ഞും തെളിഞ്ഞും വഴികൾ തേടി. രണ്ടുപ്രാവശ്യം, വ്യക്തമായും വനം വകുപ്പിന്റെ വാടകക്കാരായിരുന്ന അജ്ഞാതർ കാടിനും പുൽമേടുകൾക്കും തീവെച്ചു.


അധികൃതരൊക്കെയും നിക്ഷിപ്തതാല്പര്യങ്ങളുള്ള മുഖംമൂടിയണിഞ്ഞ ചില പ്രകൃതിസംരംക്ഷണവാദികളും മുത്തങ്ങ കാടുകളുടെയും അതിന്റെ മേൽ അവകാശങ്ങളുള്ള ആദിവാസികളുടെയും യഥാർത്ഥനിലയെ സംബന്ധിച്ച സത്യം മറച്ചുവെച്ചു. പകരം അവർ, മുത്തങ്ങ ആന വളർത്തുകേന്ദ്രമാണെന്നും അത് വന്യ സങ്കേതത്തിന്റെ ഹൃദയകേന്ദ്രമാണെന്നും അവകാശപ്പെട്ടുകൊണ്ടുള്ള നുണക്കഥകൾ അവർ പടച്ചുവിട്ടു. വനംവകുപ്പിന്റെ ഒത്താശയോടെ നിർബാധം തുടർന്നുവന്ന ആനക്കൊമ്പിന്റെയും ചന്ദനത്തടിയുടെയും കള്ളക്കടത്ത് പരിപോഷിപ്പിച്ച സമാന്തര സമ്പദ്വ്യവസ്ഥ മുത്തങ്ങയിലെ മിക്കവാറും മുഴുവൻ ജൈവവിധ്യവും ഊറ്റിക്കുടിച്ചിരുന്നു. കുറ്റകരവും പരിസ്ഥിതിനാശം വരുത്തുന്നതുമെന്ന് പറയാവുന്ന യാതൊന്നും തന്നെ ആദിവാസികൾ ചെയ്തില്ല എന്ന സത്യം നിലനിൽക്കുമ്പോൾ തന്നെ, സംസ്ഥാന മുഖ്യമന്ത്രി ആന്റണിയും വനംമന്ത്രി സുധാകരനും മുത്തങ്ങയിലെ അധിനിവേശം "രാജ്യത്തിനെതിരെയുള്ള സായുധ സമര'മാണെന്ന് പ്രചരിപ്പിച്ചു.

മലിനമായ ഈ കള്ളപ്രചരണത്തിന്റെ പിൻബലത്തോടെ ആദ്യം സംസ്ഥാന അധികൃതർ കാടുതീവെക്കാൻ മുതിർന്നു. 2 ദിവസത്തിനുശേഷം മുത്തങ്ങക്കാട്ടിൽ പ്രവേശിച്ച ആണും പെണ്ണും കുട്ടികളുമടങ്ങുന്ന ആയിരത്തിലധികം ആദിവാസികൾക്കുനേരെ വെടിയുതിർത്തു. സായുധസേന, ആദിവാസികളുടെ കുടിലുകളിലേക്ക് പടയോട്ടം നടത്തി, തെറ്റൊന്നും ചെയ്യാത്ത നൂറുകണക്കിന് ആദിവാസികൾക്കെതിരെ കേസെടുത്ത്, ആഴ്ചകളോളം അവരെ ജയിലഴികൾക്കുള്ളിലേക്ക് വലിച്ചെറിഞ്ഞുകൊണ്ടാണ് നിരപരാധികളായ ആദിവാസികളെ ദ്രോഹിച്ചത്. ഇത് കേരള ചരിത്രത്തിലെ ഏറ്റവും ലജ്ജാകരമായ കുറ്റകൃത്യങ്ങളിലൊന്നായി.

"ചിലതു സംഭവിക്കുമ്പോൾ ധാർമ്മികതയുടെ പാവ് പരസ്യമായി പ്രദർശിപ്പിക്കേണ്ടിവരുന്ന ഒരു സമൂഹത്തിന്റെ ജീവസ്പന്ദനത്തിന്റെ അപൂർവ്വ നിമിഷങ്ങളെന്ന നിലയിൽ കേരളത്തിലെ ഏറ്റവും ദരിദ്രരും പീഡിതരുമായ ഒരു സമൂഹത്തിന്റെ നീതിക്കുവേണ്ടിയുള്ള അപൂർവ്വവും ചരിത്രപരവുമായ ഒരു സമരത്തെ തകർത്ത് കഴിച്ചുകൂട്ടാൻ സർക്കാർ നടത്തിയ യത്നമായി മുത്തങ്ങയിലെ അതിക്രമം കേരളത്തിന്റെ ചരിത്രത്തിൽ ആലേഖനം ചെയ്യപ്പെടും." എന്നാണ് എഴുത്തുകാരിയായ അരുന്ധതിറോയ് ഇതിനെക്കുറിച്ചു പറഞ്ഞത്.

കഴിഞ്ഞ വർഷം ഫെബ്രുവരിയിൽ മുത്തങ്ങ കാട്ടിൽ നടന്ന ക്രൂരമായ കുടിയൊഴിപ്പിക്കലിനെ തുടർന്നുണ്ടായ ഹൃദയഭേദകമായ അനുഭവങ്ങൾക്കുശേഷവും മുത്തങ്ങയിലേക്ക് തിരിച്ചുപോയി ഞങ്ങളുടെ അവകാശങ്ങൾ ഉറപ്പിക്കാൻ തന്നെയാണ് ആദിവാസികളുടെ തീരുമാനം. ഞങ്ങൾക്ക് സമ്പത്തും ജീവിക്കാനുള്ള അവകാശവും ഇല്ലാതാക്കി, ഞങ്ങളെ ഭൂമിയിലെ നികൃഷ്ടരാക്കി മാറ്റി, ഞങ്ങളുടെ വനങ്ങൾ തട്ടിപ്പറിച്ചെടുത്തു. നാടിന്റെ ഭരണകർത്താക്കളുമായി ആദിമുതലേയുള്ള സംഘട്ടനത്തിന്റെ അരങ്ങിലേക്കും വേരിലേക്കും മടങ്ങുകയല്ലാതെ ഞങ്ങൾക്കൊരു നിവൃത്തിയുമില്ല.

ഈ സാഹചര്യത്തിൽ, ആദിവാസികളുടെ വനഭൂമിയിന്മേലുള്ള അവകാശവും പ്രകൃതിയുടെ സംരക്ഷണത്തിൽ അവർ കേവലം തുല്യപങ്കാളികളെന്നതിനേക്കാൾ മുഖ്യകാർമ്മികരാണെന്ന നിലപാടും വ്യക്തമായി അംഗീകരിക്കുക എന്നതാണ് അഞ്ചാം ലോക ഉദ്യാന സംഗമത്തിന്റെ വെല്ലുവിളി.

**ചോലയാർ പത്രിക**

കഴിഞ്ഞ പത്തു വർഷത്തിലധികമായി ചാലക്കുടിപുഴയേയും പുഴത്തടത്തിലെ ജീവിതങ്ങളേയും കുറിച്ച് പഠിക്കാനും, ആശയങ്ങൾ പങ്കുവെക്കാനും, ക്രിയാത്മകമായ ഇടപെടലുകൾ നടത്താനും ശ്രമിക്കുന്ന ഒരു കൂട്ടായ്മയാണ് ചാലക്കുടിപ്പുഴ സംരക്ഷണസമിതി. ഈ പുഴത്തടത്തിലെ ജനങ്ങളേയും ജീവിതങ്ങളേയും പുഴ സംസ്കാരചങ്ങാത്തത്തിനും, പുഴ നേരിടുന്ന പ്രശ്നങ്ങൾക്ക് കൂട്ടായ്മയോടെ പ്രതിവിധി തേടാനുമുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ് ഈ പത്രികയ്ക്ക് ആരംഭം കുറിയ്ക്കുന്നത്. പുഴയുമായി ബന്ധപ്പെട്ട വിലയേറിയ വാർത്തകൾ, വിശേഷങ്ങൾ, അഭിപ്രായങ്ങൾ....... പങ്കുവെയ്ക്കുമല്ലോ

ബന്ധപ്പെടേണ്ട മേൽവിലാസം

എഡിറ്റർ, ചോലയാർ പത്രിക, ചാലക്കുടി പുഴ സംരക്ഷണ സമിതി, കാർത്തിക, മണലാറ്റിൽ, ഒല്ലൂർ പി.ഒ., തൃശൂർ - 680 306.
ഫോൺ: 0487-2353021.

**ഷുഗർ ഇൻസുലിൻ ചെടി**

ആവശ്യമുള്ളവർ ബന്ധപ്പെടുക
സി.എ. ഡേവിസ്- 98475 48997
(കൂടുതൽ വിവരങ്ങൾക്ക് 19.12.2003 ലെ മലയാള മനോരമ കാണുക)
പ്രകൃതി ചികിത്സ പുസ്തകങ്ങൾ ഉപകരണങ്ങൾ നിർദ്ദേശങ്ങൾ എന്നിവയ്ക്കും വിളിക്കുക